Madhyamam 24.12.17

# മണ്ണുത്തിയിൽ അന്തർദേശീയ കാർഷിക ശിൽപശാല

**തൃശൂർ:** മൂല്യവർധന ഉൽപന്നങ്ങൾ കാർഷികാദായ വർധനവിന് എന്ന സന്ദേശവുമായി കാർഷിക സർവകലാശാലയുടെ സഹായത്തോടെ കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന രണ്ടാമത് അന്തർദേശീയ ശിൽപശാലയും പ്രദർശനവുമായ 'വൈഗ' ഡിസംബർ 27 മുതൽ വെള്ളാനിക്കര കാർഷിക സർവകലാശാല ആസ്ഥാനത്ത് തുടങ്ങുമെന്ന് കൃഷി മന്ത്രി വി.എസ്. സുനിൽകുമാർ വാർത്തസമ്മേളനത്തിൽ അറിയിച്ചു. 31 വരെ നീളുന്ന പരിപാടി 27 രാവിലെ 10ന് ഗവർണർ പി. സദാശിവം ഉദ്ഘാടനം ചെയ്യും. മന്ത്രി സി. രവീന്ദ്രനാഥ്, കെ.രാജൻ എം.എൽ.എ, ജില്ല പഞ്ചായത്ത് പ്രസിഡൻറ് മേരി തോമസ് എന്നിവരും പങ്കെടുക്കും. യുവകർഷകസംഗമവും ഇതോടനുബന്ധിച്ച് നടക്കും. വിദ്യാർഥികൾക്കായി ക്വിസ് മത്സരം, പ്രസംഗം, പെയിൻറിങ് തുടങ്ങിയവയും നടത്തും. പ്രദർശനത്തിൽ 300 സ്റ്റാൾ ഉണ്ടാകും. വിദ്യാർഥികൾക്ക് കുടുംബസമേതം പ്രദർശനം കാണുന്നതിന് അതത് സ്കൂൾ മുഖാന്തരം കൂപ്പണുകൾ നൽകും.